പാലക്കാട്,
14-01-2011.

# ക്ഷണക്കത്ത്

കേരളത്തിന്റെ വന മേഖലകൾ പല വിധത്തിലുള്ള പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതീവ പ്രാധാന്യത്തോടെ സംരക്ഷിക്കപ്പെടേണ്ട നെല്ലിയാമ്പതി വനമേഖലയുടെ പരിസ്ഥിതിയാണ് ഇപ്പോൾ ഏററവും അധികം ഭീഷണി നേരിട്ടുകെണ്ടിരിക്കുന്നത്. ലോകത്തിലെ 35 ജൈവ വൈവിധ്യ 'ഹോട്ട്സ്പോട്ട്' കളിൽ ഒന്നാണ് നെല്ലിയാമ്പതി. മാത്രമല്ല പറമ്പിക്കുളം കടുവാസങ്കേതത്തിന്റെ 'കോറും' 'ബഫറു'മായുള്ള ഈ സ്ഥലം 73 ഇനം തനതു സസ്യങ്ങളുള്ള അപൂർവ്വ ജൈവമേഖലകൂടിയാണ്. അതുപോലെ വംശനാശ ഭീഷണി നേരിടുന്ന വരയാട്, നീലഗിരി മാർട്ടിൻ, കടുവ, സിംഹവാലൻകുരങ്ങ് ഉൾപ്പെടെയുള്ള അനേകം ജന്തുവർഗ്ഗങ്ങളുടെയും.

മറെറാന്ന് ഇക്കഴിഞ്ഞ ഡിസംബറിൽ ഇറങ്ങിയ ഒരു സർക്കാർ ഉത്തരവാണ്. ശുഷ്ക്കമായ വനമേഖലകൾ, എസ്റേററുകൾ, നെൽവയലുകൾ, പാട്ടഭൂമികൾ, തോട്ടങ്ങൾ എന്നിവിടങ്ങളിൽ "ക്വാറിയും" ആവാം എന്ന ഉത്തരവ് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. സമാനമായ മറെറാരു ഉത്തരവാണ്, കാലാവധി കഴിഞ്ഞത് കൊണ്ടും നിയമ ലംഘനം കൊണ്ടും വനം വകുപ്പ് തിരിച്ചെടുത്ത തോട്ടങ്ങൾ പഴയ ഉടമകൾക്കുതന്നെ തിരിച്ചു കൊടുക്കാനുള്ള സർക്കാർ ഉത്തരവ്. മറെറാരു ഗുരുതരമായ പ്രശ്നമാണ് ഇക്കോ-ടൂറിസം എന്ന പേരിൽ നടക്കുന്ന വ്യാപക പരിസ്ഥിതി-വന-വന്യജീവി-നശീകരണ പ്രവർത്തനങ്ങൾ. കെ.എഫ്.ഡി.സി.യെ മുൻനിർത്തിയും വനംവകുപ്പ് നേരിട്ടും നടത്തുന്ന ടൂറിസം പ്രവർത്തനങ്ങൾ ജന്തു-സസ്യ വൈവിധ്യത്തിന് കനത്ത ആഘാതം ഏൽപ്പിക്കുന്നു എന്നുള്ളതും അറിയാമല്ലോ.

നമ്മുടെ അടിയന്തര ശ്രദ്ധ പതിയേണ്ട മറെറാരു വിഷയം വനത്തിനകത്തു നടക്കുന്ന വനവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിലപാടുകളും നടപടികളും എടുക്കുന്ന വനംവകുപ്പ് ഉദ്യോഗസ്ഥരെ തിരഞ്ഞുപിടിച്ച് വേട്ടയാടുന്ന പ്രവണതയാണ്. എസ്റേററ്-ടൂറിസം-ക്വാറി-മാഫിയകൾ സംഘടിതമായാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത്. ഇത്തരം വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും ചില അടിയന്തര പ്രവർത്തനങ്ങൾ നടത്തുന്നതിനും **2011 ജനുവരി 20 ന് പാലക്കാട് "കോ-ഓപ്പറേററീവ് ബാങ്ക് ഹാളിൽ"** (കല്ല്യാൺ ടൂറിസ്ററ് ഹോമിനു സമീപം, ന്യൂ തിയേറററിനു എതിർവശം) **രാവിലെ 10 മണിക്ക്** ഒത്തുചേരാൻ ധാരണയായിട്ടുണ്ട്. ഉച്ചകഴിഞ്ഞ് ഒരു സെമിനാറും പൊതുപരിപാടികളും ആസൂത്രണം ചെയ്തിരിക്കുന്നു.

കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന താങ്കൾ ഉൾപ്പെടെയുള്ള പ്രമുഖരാണ് ഈ യോഗത്തിലും തുടർ പ്രവർത്തനങ്ങളിലും നേതൃത്വം വഹിക്കേണ്ടത്. അതുകൊണ്ട് തന്നെ അങ്ങയുടെ സാന്നിദ്ധ്യം ഈ ദിവസം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

| **എസ്.ഗുരുവായൂരപ്പൻ** | **ടോണി തോമസ്** | **ബാദുഷ** | **ടി.പി.പത്മനാഭൻ** | **അശോക് നെന്മാറ** |
|---|---|---|---|---|
| **WPSI** | **OEOL** | **WPSS** | **SEEK** | **Aashrayam** |

---


ബന്ധപ്പെടേണ്ട വിലാസം

**Guruvayurappan.S**
Project officer (south India),Wildlife Protection Society of India-New Delhi -17
**Ph:(0) 9447700321, TeleFax: 04923 227867, E-mail: sguruvayurappan@gmail.com**